ഗവണ്മെൻറ ഡിപ്പാർട്ടുമെൻറുകളിലെ ട്രാൻസ്പോർട്ടിംഗ് വക്കുകൾ.

* 126. [34] ശ്രീ. കെ. ചന്ദ്രശേഖരൻനായർ: താഴെ പറയുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സഭാപടലിൽ മറുപടി പറയുമോ:

ഗവണ്മെൻറ ഡിപ്പാർട്ടുമെൻറുകളിലെ ട്രാൻസ്പോർട്ടിംഗ് വക്കുകൾ ഗസറ്റുമുഖേന പരസ്യപ്പെടുത്താതെ നിലവിലുള്ള കരാറുകാർക്കുതന്നെ നടത്തിവരുന്ന സമ്പ്രദായം നിറുത്തുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. കെ. വേലായുധൻ): ഗവണ്മെൻറ് ഡിപ്പാർട്ടുമെൻറിലെ ട്രാൻസ്പോർട്ട് വക്കുകൾ ഗസറ്റുമുഖേന പരസ്യപ്പെടുത്താറുണ്ട്. അങ്ങനെ പരസ്യപ്പെടുത്താതെ നിലവിലുള്ള കരാറുകാർക്ക് കരാർ കൊടുക്കാറില്ല.

ശ്രീ. ടി. കെ. ദിവാകരൻ: എത്ര രൂപവരെയുള്ള വർക്കുകളാണ് ടെൻഡർ വിളിക്കുന്നത്.

ശ്രീ കെ കെ. വേലായുധൻ: സാധാരണ എല്ലാ വർക്കുകൾക്കും ടെൻഡർ വിളിക്കുകയാണ് പതിവ്.

ശ്രീ. ടി. കെ. ദിവാകരൻ: സാധാരണയായി കരാർ കൊടുത്തശേഷം നോട്ടീസ് ആഫീസിൻറെ മുമ്പിൽ ഒട്ടിക്കുകയാണ് പതിവെന്ന് അറിയാമോ?

ശ്രീ. കെ. കെ. വേലായുധൻ: അങ്ങനെയല്ല. ഗസറ്റിൽ പരസ്യപ്പെടുത്തിയശേഷവും ഓഫീസിൽ പരസ്യപ്പെടുത്തിയ ശേഷവും നോട്ടീസ് ഒട്ടിച്ചതിനുശേഷവും മാത്രമേ ടെൻഡർവിളിക്കാറുള്ളൂ.

പുതിയ മിഡ്ൽസ്കൂളുകൾ.

* 127. [35] ശ്രീ. കെ. എസ്. കൃഷ്ണൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭാപടലിൽ മറുപടി നൽകുമോ:

(എ) 1955-56 സ്കൂൾ വർഷത്തിൽ പുതിയ മിഡ്ൽസ്കൂളുകൾ തുടങ്ങുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു;

(ബി) അവയിൽ എത്ര സ്കൂളുകൾക്ക് അനുവാദം നൽകി;

(സി) അനുവാദം നൽകിയിട്ടുള്ള സ്കൂളുകളിൽ പിന്നാക്കസമുദായങ്ങളുടെയോ, വ്യക്തികളുടെയോ പേരിൽ ഏതെങ്കിലും സ്കൂളുകളുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. പറവൂർ ടി. കേശവമേനോൻ): (എ) 1955-56-ൽ പുതിയ മിഡിൽസ്കൂൾ തുടങ്ങുന്നതിനു 182 അപേക്ഷകൾ ലഭിച്ചിരുന്നു.

(ബി) 60 സ്കൂളുകൾ തുടങ്ങുവാനുള്ള അനുവാദംകൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുവാദം നൽകിയിട്ടുള്ള സ്കൂളുകളിൽ പിന്നാക്ക സമുദായത്തിൽപ്പെട്ട വ്യക്തികളുടെ പേരിൽ അതായത് അവരുടെ മാനേജ്മെന്റിൽ ഉള്ള സ്കൂളുകളില്ല.

(ഡി) അപേക്ഷകരിൽ ഒരാൾ സാംബവനാണെന്നുള്ളതൊഴിച്ചാൽ മറ്റുള്ളവരെല്ലാം സ്കൂളുകൾ ഉള്ളതിനാൽ ആ സ്ഥാനം അനുവദിച്ചില്ല.

മോട്ടോർ തൊഴിലാളികളുടെ വേലസമയം.

✱ 128. [36] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) മോട്ടോർ തൊഴിലാളികളുടെ വേലസമയം എത്ര മണിക്കൂറായിട്ടാണ് ഗവണ്മെന്റ് നിശ്ചയിച്ചിട്ടുള്ളത്;

(ബി) പല വ്യവസായങ്ങളിലും ഇങ്ക്രിമെന്റിനുവേണ്ടി കാത്തിരിക്കുന്ന സമയംകൂടി വേലസമയമായി പരിഗണിച്ച് വേതനമോ മറ്റു പരിഗണനകളോ നൽകുന്നുണ്ടോ;

(സി) ഇന്നു 18 മണിക്കൂർവരെ തുടർച്ചയായി മോട്ടോർ തൊഴിലാളികൾ ജോലി ചെയ്യുന്നതിനു നിർബന്ധിതരാണെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ദിവസം 8 മണിക്കൂറോ, ആഴ്ചയിൽ 48 മണിക്കൂറോ മാത്രമേ പാടുള്ളൂ അതിൽ കൂടുതൽ പാടില്ല, എന്നു പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) അറിവില്ല.

(സി) നിർബന്ധിതരാകുന്നുണ്ടെന്നുള്ള വിവരം അറിവില്ല.

WRITTEN ANSWERS.

Tribunal under the Sales Tax Act.

✱ 129. [45] SHRI V. V. SEBASTIAN: Will the Minister for Finance and Home Affairs be pleased to state:

(a) whether the Tribunal under the Sales Tax Act has been constituted; and

(b) if not why?

Home Minister (SHRI A. J. JOHN):

(a) The Sales Tax Appellate Tribunal has not yet been constituted.

(b) Government have sanctioned the appointment of the Chairman and one of the Members of the Tribunal (the Departmental Member). The Public Service Commission was requested to select a suitable candidate for appointment as Accountant Member. Though the Commission notified the vacancy no suitable candidates were available for interview. The Commission had, therefore, recommended

LIBRARY ARCHIVES Kerala Legislative Assembly